നമ്പർ: 182/2020

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കേന്ദ്ര ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സ്ഥിതി ചെയ്യുന്ന പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിലുള്ള അരമന ചാപ്പലിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങളും അരമന ചാപ്പലിനോട് ചേർന്ന് കബറടങ്ങിയിരിക്കുന്ന പരിശുദ്ധ കാതോലിക്കാ ബാവാമാരുടെ കബറിടങ്ങളുടെ നവീകരണവും ദൈവകൃപയാൽ ഏറ്റവും അനുഗ്രഹകരമായി പൂർത്തീകരിക്കപ്പെടുകയാണ്. അതോടൊപ്പം അരമന കോംപൗണ്ടിൽ സ്ഥിതി ചെയ്തിരുന്ന ഹാൾ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ കാതോലിക്കാ സ്ഥാനാരോഹണ നവതി സ്മാരകമായി നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സമാപനഘട്ടത്തിലാണ്. ദേവാലയത്തിന്റെയും ഹാളിന്റെയും കൂദാശ ദൈവഹിതമായാൽ 2020 ഒക്ടോബർ മാസം 31-ാം തീയതി രാവിലെ വി. കുർബ്ബാനയോടെ നിർവ്വഹിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണ്. പ. മാർത്തോമ്മാശ്ലീഹായുടേതുൾപ്പെടെ ദേവലോകം അരമനയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന തിരുശേഷിപ്പുകൾ അന്നേദിവസം പ. പിതാക്കന്മാരുടെ കബറിടത്തോട് ചേർന്ന് സ്ഥാപിക്കുന്നതുമാണ്. സഭാമക്കളുടെയും വൈദിക സ്ഥാനികളുടെയും സഭാ സമിതി അംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ മേൽപറഞ്ഞ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിന് കോവിഡ് - 19 സാഹചര്യംമൂലം പരിമിതികളുണ്ടല്ലോ. ആയതിനാൽ ഏവർക്കും സ്വഭവനങ്ങളിൽ ഇരുന്ന് കൂദാശയിലും വിശുദ്ധ കുർബ്ബാനയിലും പങ്കെടുക്കുവാൻ തക്കവണ്ണം പരിശുദ്ധ സഭയുടെ ഔദ്യോഗിക മാധ്യമമായ ഗ്രിഗോറിയൻ ടി. വി. യിലൂടെയും കാതോലിക്കേറ്റ് ന്യൂസിന്റെ ഫേസ് ബുക്ക് പേജിലൂടെയും സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ ക്രമീകരണങ്ങളോട് നമ്മുടെ സഭാംഗങ്ങൾ ഏവരും പ്രാർത്ഥനാപൂർവ്വം സഹകരിക്കണമെന്ന് നാം സ്നേഹത്തോടെ ആവശ്യപ്പെടുന്നു. അരമന ചാപ്പലിന്റെയും കബറിടങ്ങളുടെയും നവീകരണത്തിൽ അൽപമായോ അധികമായോ സഹകരിച്ചിട്ടുള്ള എല്ലാവരെയും ദൈവം തമ്പുരാൻ സമൃദ്ധിയായി വാഴ്ത്തി അനുഗ്രഹിക്കട്ടെ. നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനം നിർവ്വഹിച്ച നമ്മുടെ കാതോലിക്കേറ്റ് അരമന മാനേജർ എം. കെ. കുര്യൻ കത്തനാരോടുള്ള നമ്മുടെ സന്തോഷം നാം അറിയിക്കുന്നു.

പ്രിയരെ, ദീർഘവീക്ഷണത്തോടും ദൈവാശ്രയത്തോടും കൂടെ പരിശുദ്ധ സഭയെ നയിച്ച ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സിലെ 24-ാം ഓർമ്മപ്പെരുന്നാൾ **നവംബർ 7, 8 (ശനി, ഞായർ) തീയതികളിൽ** പ. പിതാവ് കബറടങ്ങിയിരിക്കുന്ന ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് നടത്തപ്പെടുകയാണ്. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. പ. സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും പരിരക്ഷിക്കുന്നതിനുവേണ്ടി അങ്ങേയറ്റം പരിശ്രമിച്ച മഹാത്യാഗിയായിരുന്ന ആ പുണ്യപിതാവിന്റെ ഓർമ്മപ്പെരുന്നാൾ ആച

*(മറുപുറം)*

രണം പരിശുദ്ധ സഭയ്ക്ക് അനുഗൃഹകരമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. കോവിഡ് മാനദണ്ഡ ങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഈ വർഷത്തെ പെരുന്നാൾ അനുഗ്രഹകരമായി പൂർത്തീകരിക്കുന്നതിന് ഏവരും സഹകരിക്കണമെന്ന് നാം താത്പര്യപ്പെടുന്നു. ഓർമ്മപെരുന്നാളിന്റെ എല്ലാ ശുശ്രൂഷകളിലും വിശ്വാ സികൾക്ക് പരിശുദ്ധ സഭയുടെ ഔദ്യോഗിക മാധ്യമമായ ഗ്രിഗോറിയൻ ടി. വി. യിലൂടെ ഓൺലൈനായി ഭാഗ ഭാക്കാകാവുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും  നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേ ലിയോസിന്റെയും  മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാ രുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...............



**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ഒക്ടോബർ മാസം 16-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.